# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P8-384/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 12/04/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P8-384/2021 തീയ്യതി: 12/04/2021

## ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-01-2020 മുതൽ 31-12-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.സി.ജോർജ്ജ് | ഡെപ്യൂട്ടി ഡയറക്ടർ | 18-03-2021 | 31-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-03-2021 | 31-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ആശ.എം.വി, ഓഡിറ്റ് ഓഫീസർ (18.03.2021 മുതൽ 23.03.2021 വരെ)
ശ്രീ.റോയി.ടി.എം, അസി.ഓഡിറ്റ് ഓഫീസർ 18.03.2021 മുതൽ 31.03.2021 വരെ
ശ്രീമതി രഞ്ജുപ്രകാശ്, സീനി.ഗ്രേഡ് ഓഡിറ്റർ 18.03.2021 മുതൽ 31.03 2021 വരെ

ശ്രീമതി ലേഖ.പി.കെ, ഓഡിറ്റർ (18.03.2021 മുതൽ 20.03.21 വരെ)
ശ്രീ.ജയകൃഷ്ണ.ആർ, അസി.ഓഡിറ്റ് ഓഫീസർ (30.03.2021 മുതൽ 31.03.2021 വരെ)
ശ്രീമതി.രാജിമോൾ.പി.സി, ഓഡിറ്റർ (30.03.2021 മുതൽ 31.03.2021 വരെ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡി.പ്രീയേഷ് കുമാർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ഷിബു.കെ.എം | സെക്രട്ടറി | 01-04-2019 | 11-07-2019 |
| ഇ.ക്ലീറ്റസ് | സെക്രട്ടറി | 12-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജി.വിനോദ് കുമാർ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ലീന.ആർ | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഹാഷ്മി രാജ് | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| സ്മിത.ഒ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ഡോ.ജോർജ്ജ് വർഗ്ഗീസ് | സീനി.വെറ്റി.സർജൻ | 01-04-2019 | 31-03-2020 |
| ഡോ.രജനി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ജിജി ജോൺ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദ) | 01-04-2019 | 31-03-2020 |
| ഡോ.വിദ്യ.എം.പൈ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| സലീല | ഡയറി എക്സ്.ഓഫീസർ | 01-04-2019 | 31-03-2020 |
| സ്വർണ്ണമ്മ | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| അനുരാജ് | എസ്.ഐ. ഫിഷറീസ് | 01-04-2019 | 21-11-2019 |
| ലീന | എസ്.ഐ. ഫിഷറീസ് | 22-11-2019 | 31-03-2020 |
| സന്ധ്യ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| റോഷ്ന.എസ് | കൃഷി ഓഫീസർ | 01-04-2019 | 25-11-2019 |

| | | | |
|---|---|---|---|
| പ്രശാന്ത് | കൃഷി ഓഫീസർ | 26-11-2019 | 21-12-2019 |
| ?????? | ???? ??????? | 24-12-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
| --- | --- | --- |
| 1 | ബഡ്ജറ്റ്<br>Written By: Asa.M.V (Audit Officer, On 29-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 30-03-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.M Roy (Senior Grade Auditor, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 30-03-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Lekha (Auditor, On 30-03-2021)<br>Last Updated By: B Ligilal (Audit Officer, On 08-04-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Asa.M.V (Audit Officer, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-9 |
| 10 | ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ അനുവദിച്ച തുക പൂർണ്ണമായി ലഭിച്ചില്ല<br>Written By: T.M Roy (Senior Grade Auditor, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-10 |
| 11 | നികുതി നിർണ്ണയത്തിലെ അപാകത<br>Written By: Renju Prakash (Senior Grade Auditor, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-11 |
| 12 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Renju Prakash (Senior Grade Auditor, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-12 |
| 13 | പാട്ടത്തുക - യാതൊരു അടിസ്ഥാനവുമില്ലാതെ നിർണയിച്ചു നല്കി<br>Written By: Renju Prakash (Senior Grade Auditor, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-13 |
| 14 | സ്ഥിരനിക്ഷേപ പലിശയിൽ നിന്നും ആദായ നികുതി ഈടാക്കുന്നു.<br>Written By: T.M Roy (Senior Grade Auditor, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-14 |
| 15 | കനാലുകളുടെ നവീകരണം – പദ്ധതി നടത്തിപ്പിൽ കാലതാമസം.<br>Written By: T.M Roy (Senior Grade Auditor, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-15 |

| | | |
|---|---|---|
| 16 | ഗ്രീൻ & ക്ലീൻ മാരാരിക്കുളം ഖരമാലിന്യ സംസ്കരണം പദ്ധതി – ജില്ലാപഞ്ചായത്ത് വിഹിതം വിനിയോഗിക്കാതെ തിരിച്ചടച്ചു<br>Written By: T.M Roy (Senior Grade Auditor, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-16 |
| 17 | അധികരിച്ച് നല്കിയ സബ്സിഡി-ചെലവ് നിരാകരിക്കുന്നു.<br>Written By: Renju Prakash (Senior Grade Auditor, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-17 |
| 18 | ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം- തുക അധികം നല്കി<br>Written By: Renju Prakash (Senior Grade Auditor, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-18 |
| 19 | മോബൈൽ സെയിൽസ് & സർവ്വീസ് യൂണിറ്റ് – മൂല്യനിർണ്ണയത്തെ അധികരിച്ച് തുക നൽകി<br>Written By: T.M Roy (Senior Grade Auditor, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-19 |
| 20 | തെളിനീർ കുടിവെള്ള പദ്ധതി – അർഹതപ്പെട്ടതിനേക്കാൾ കൂടുതൽ സബ്സിഡി നൽകി<br>Written By: T.M Roy (Senior Grade Auditor, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 1-20 |
| 21 | കുറഞ്ഞ കൊട്ടേഷൻ പരിഗണിച്ചില്ല- 1326 രൂപ അധികം ചെലവഴിച്ചു<br>Written By: Renju Prakash (Senior Grade Auditor, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-21 |
| 22 | സി.സി.ടി.വി ക്യാമറ നാളിതുവരെ ഉപയോഗിച്ചിട്ടില്ല<br>Written By: T.M Roy (Senior Grade Auditor, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-22 |
| 23 | കെ.എസ്.ഇ.ബി മുഖേനയുള്ള നിക്ഷേപ പ്രവൃത്തികൾ – വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു<br>Written By: T.M Roy (Senior Grade Auditor, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-23 |
| 24 | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം -പ്രവർത്തന സജ്ജമാക്കിയില്ല<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-24 |
| 25 | പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച്<br>Written By: T.M Roy (Senior Grade Auditor, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-25 |
| 26 | അസി.എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിലെ പോരായ്മകൾ<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | അധികരിച്ച് നല്കിയ സബ്സിഡി-ചെലവ് നിരാകരിക്കുന്നു<br>Written By: Renju Prakash (Senior Grade Auditor, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 3-1 |

| | | |
|---|---|---|
| 2 | മോബൈൽ സെയിൽസ് & സർവ്വീസ് യൂണിറ്റ് – മൂല്യനിർണ്ണയത്തെ അധികരിച്ച് തുക നൽകി<br>Written By: T.M Roy (Senior Grade Auditor, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 3-2 |
| 3 | തെളിനീർ കുടിവെള്ള പദ്ധതി – അർഹതപ്പെട്ടതിനേക്കാൾ കൂടുതൽ സബ്സിഡി നൽകി<br>Written By: T.M Roy (Senior Grade Auditor, On 31-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 3-3 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 30-03-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 30-03-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 30-03-2021) | 4-7 |
| 8 | സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 30-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 09-04-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Asa.M.V (Audit Officer, On 30-03-2021)<br>Last Updated By: Asa.M.V (Audit Officer, On 31-03-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്

മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 19-20 വർഷത്തെ ബജറ്റ് 04.02.2019തിയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. മുന്നിരിപ്പ് (34912912) ഉൾപ്പെടെ പ്രതീക്ഷിത ആകെ വരവ് 329422745 രൂപയും ആകെ ചെലവ് 324683100- രൂപയും നീക്കിയിരിപ്പ് 4739645 രൂപയുമാണ്. വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പ് (26419412) ഉൾപ്പെടെ ആകെ വരവ് 182329442 രൂപയും ആകെ ചെലവ് 163745064-രൂപയും നീക്കിയിരിപ്പ് 18584378 രൂപയുമാണ്. ബജറ്റ് പ്രകാരമുള്ള വരവ്- ചെലവ് കണക്കും യഥാർത്ഥ വരവുചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്നരീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 28.05.2020 | - | - |

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു:

1) സംസ്ഥാന ബഡ്ജറ്റ് അനുബന്ധം IV പ്രകാരം ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരുന്ന തുക 13921000 രൂപയാണ്. എന്നാൽ വെള്ളക്കര കുടിശ്ശികയായി ഉറവിടത്തിൽ കുറവ് ചെയ്ത 250290 രൂപ ഉൾപ്പെടെ തൻവർഷം ലഭിച്ചത് 13571540 രൂപയാണെങ്കിലും 13321250 രൂപ മാത്രമാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതായത് ഉറവിടത്തിൽ കുറവ് ചെയ്ത 250290 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) വികസന ഫണ്ട് എസ്.സി.പി.യിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്ത 73529 രൂപയ്ക്ക് ഗ്രാമപഞ്ചായത്ത് പ്രോജക്ട് വയ്ക്കാതിരുന്നതിനാൽ ടി തുക സുലേഖ ചെലവ് പത്രികയിൽ ചെലവായി ഉൾപ്പെട്ടിട്ടില്ല.

3) തൊഴിൽ രഹിത വേതനം ഇനത്തിൽ ആകെ 530760 രൂപ ലഭിച്ചതിൽ ആദ്യ അലോട്ട്മെന്റായി ലഭിച്ച 324120 രൂപ മാത്രമാണ് വാർഷിക കണക്കിൽ ചേർത്തിട്ടുള്ളത്. മാർച്ച് മാസം കിട്ടിയ 206640 രൂപ ഉൾപ്പെടുത്തിയിട്ടില്ല.

4) വിവാഹ ധനസഹായം ഇനത്തിൽ 150000 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ 60000രൂപ മാത്രമാണ് ചേർത്തിട്ടുള്ളത്.

5) കേന്ദ്രഗവൺമെന്റിൽ നിന്നും റർബൻ (റൂറൽ-അർബൻ) മിഷൻ ഗ്രാന്റിനത്തിൽ ലഭിച്ച 57568440 രൂപയിൽ നിന്നും 49447161 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുപ്രകാരം 8121279 രൂപയാണ് നീക്കിയിരുപ്പ് കാണേണ്ടത്. എന്നാൽ B4 പ്രകാരമുള്ള നീക്കിയിരുപ്പ് 8131279 രൂപയാണ്. കൂടാതെ പ്രസ്തുത ചെലവിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെപറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടില്ല.

വിവിധ സർക്കാർ ഓഫീസുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ (പ്രോ.നം 147/20) – 2910600 രൂപ.

വിവിധ കനാലുകളുടെ നവീകരണം (പ്രോ.നം 148/20) – 24800000 രൂപ.

6) ട്രേഡേഴ്സ് തൊഴിൽ നികുതി വാർഷിക ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ തൻവർഷം ഈയിനത്തിൽ ലഭിക്കേണ്ടതുക, പിരിച്ച തുക, കുടിശ്ശിക എന്നിവയുടെ ആധികാരികത ബോധ്യപ്പെടാനായിട്ടില്ല. ഡിമാന്റ് തുക തന്നെയാണ് വരവായി ചേർത്തിരിക്കുന്നത്.

7) വാർഷിക കണക്ക് പ്രകാരമുള്ള വസ്തുനികുതി കുടിശ്ശിക തുകയും സഞ്ചയയിലെ കുടിശ്ശിക ഡിമാന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അതുപോലെ വാർഷിക കണക്ക് പ്രകാരമുള്ള തൻവർഷത്തെ കളക്ഷൻ തുക സഞ്ചയയിലെ രേഖപ്പെടുത്തലുമായി യോജിക്കുന്നില്ല.

8) വാർഷിക കണക്ക് Income & Expenditure ഷെഡ്യൂൾ I-18പ്രകാരം ഗാർഹിക കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റിൽ 171606 രൂപയുടെ വർദ്ധന വരുത്തുകയും ഗാർഹികേതര കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റിൽ നിന്നും 85693 രൂപ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഏതൊക്കെ കെട്ടിടങ്ങളുടെ നികുതിയാണ് ഡിമാന്റിൽ നിന്നും ഒഴിവാക്കിയതെന്നും വിശദമാക്കുന്ന രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 26419412 |
| വരവ് | 155910030 |
| ആകെ | 182329442 |
| ചെലവ് | 163745064 |
| നീക്കിയിരിപ്പ് | 18584378 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിര്പ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 14990352 | 14990352 | 12100616 | 2889736 | 775864/-രൂപയുടെ ക്യൂബിൽ കഴിച്ച് ലാപ്സായ തുക 2113872/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 5050471 | 50510471 | 2646402 | 2404069 | 220684/-രൂപയുടെ ക്യൂബിൽ കഴിച്ച് ലാപ്സായ തുക 2183385/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 551000 | 551000 | 315310 | 235690 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 4888000 | 4888000 | 627502 | 4260498 | 3027114/-രൂപയുടെ ക്യൂബിൽ കഴിച്ച് ലാപ്സായ തുക 1233384/- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 6270000 | 6270000 | 2750628 | 3519372 | 981784/-രൂപയുടെ ക്യൂബിൽ കഴിച്ച് ലാപ്സായ തുക 2537588/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 12974198 | 12974198 | 3080791 | 9893407 | 7668153/-രൂപയുടെ ക്യൂബിൽ കഴിച്ച് ലാപ്സായ തുക 2225254/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| 148 | 299191716 | 65 | 106836214 | 20 | 2 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11943 | 1736156 | 1748099 | 1200500 | 547599 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 58537248 | 58537248 | 58537248 | 0 |
| ആകെ | 11943 | 60273404 | 60285347 | 59736547 | 547599 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 530760 | 346 |
| കർഷകതൊഴിലാളി പെൻഷൻ | 3324000 | 547 |
| വിധവാപെൻഷൻ | 3870200 | 697 |
| വാർദ്ധക്യകാലപെൻഷൻ | 6060300 | 1165 |
| വികലാംഗപെൻഷൻ | 2645500 | 469 |
| അവിവാഹിത പെൻഷൻ | 761400 | 133 |
| വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.3.2021 4pmന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23475/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ഭൗതിക സൗകര്യങ്ങളും, പൊതുജനസേവന സംവിധാനങ്ങളും മെച്ചപ്പെടുത്തുക വഴി സ്ഥാപനത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട് (ഐ.എസ്.ഒ 9001:2015,സർട്ടിഫിക്കറ്റ് നം.ഇ.ക്യു.എസ്/ക്യു-1233, 13.01.2023വരെ പ്രാബല്യം).

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി നിർവ്വഹണത്തിന്റെ ഫലപ്രാപ്തിയിൻമേൽ വിലയിരുത്തൽ നടത്തുന്നതായി രേഖയില്ല. മിക്ക പദ്ധതി നിർവ്വഹണ ഫയലുകൾക്കൊപ്പവും മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല, ഉള്ളവ അപൂർണ്ണമാണ്.
2. പഞ്ചായത്തുകമ്മിറ്റി തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നതായി മിനിട്സിൽ രേഖയില്ല.ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല.
3. പഞ്ചായത്തിന്റെ അധീനതയിലുള്ള ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്.
4. റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.
5. ഓഡിറ്റ് വർഷം പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ മാന്വലായി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6. ഫയലുകളിൽ പൊതുവെ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.
7. സ്റ്റോക്ക് രജിസ്റ്ററുകൾ മുൻവർഷ നീക്കിയിരുപ്പുകൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.
8. 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്.എന്നാൽ 2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും ജൂൺ2019, ജനുവരി 2020മാസങ്ങളിലായി രണ്ട് പ്രാവശ്യം മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ കൂടേണ്ടതും ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ അനുവദിച്ച തുക പൂർണ്ണമായി ലഭിച്ചില്ല

സംസ്ഥാന ബഡ്ജറ്റ് അനുബന്ധം IV പ്രകാരം ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന് അനുവദിച്ചിരുന്ന തുക 13921000 രൂപയാണ്. എന്നാൽ വെള്ളക്കര കടിശ്ശികയായി ഉറവിടത്തിൽ കുറവ് ചെയ്ത 250290 രൂപ ഉൾപ്പെടെ തൻവർഷം ലഭിച്ചത് 13571540 രൂപയാണ്. അതായത് അനുവദിച്ച തുകയിൽ 349460 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടില്ല (13921000 – 13571540). ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ തൻവർഷം മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ട 349460 രൂപ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 നികുതി നിർണ്ണയത്തിലെ അപാകത

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന ഒരേ ഉടമയുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 100

ചതുരശ്ര മീറ്ററിന് മുകളിലുള്ള താഴെ പ്പറയുന്ന കെട്ടിടങ്ങളിലെ ഓരോ കടമുറികൾക്കും പ്രത്യേകം കെട്ടിട നം നല്കി നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഒരു ഷോപ്പിംഗ് കോപ്ലക്സിലെ കടമുറികളുടെ വസ്തു നികുതി ഒന്നിച്ച് നിർണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 40/- രൂപ നിരക്കിൽ നിർണ്ണയിക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച അന്തിമ വിജ്ഞാപനം പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി ഒരു ചതുരശ്ര മീറ്ററിന് 60/- രൂപയാണ്. എന്നാൽ, ഇവിടെ ഒരു ഷോപ്പിംഗ് കോപ്ലക്സിലെ ഓരോ കടമുറികളേയും 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടങ്ങളായി കണക്കാക്കി ച.മീറ്ററിന് 40/-രൂപ മാത്രമാണ് ഈടാക്കുന്നത്. ഇതുമൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വരുന്നു. വിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നം./ കെട്ടിട നം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| പ്രതാപൻ, വെള്ളാപ്പള്ളി | 3/67A<br>3/67B<br>3/67C<br>3/67D<br>3/67E<br>3/67F<br>3/67G | 22.34<br>22.34<br>22.34<br>22.34<br>22.34<br>22.34<br>22.34<br>ആകെ-156.38 |
| വി.ബി. പ്രകാശൻ<br>ജ്യോതിസ് | 5/112A<br>5/112B<br>5/112C<br>5/112D<br>5/112E<br>5/112F | 19.37<br>19.37<br>19.37<br>27.6<br>27.6<br>27.6<br>ആകെ-140.91 |
| സുന്ദരേശമല്ലൻ, കുണ്ടേലാറ്റ്, എസ്.എൻ പുരം | X/360A<br>X/360B<br>X/360C<br>X/360D<br>X/360E<br>X/360F<br>X/360G<br>X/360H<br>X/360I<br>X/360J<br>X/360K | 16.75<br>16.75<br>16.75<br>16.75<br>16.75<br>16.75<br>16.75<br>16.75<br>16.75<br>17.55<br>191.37<br>ആകെ-359.67 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14 / 29.03.21) മറുപടി ലഭിച്ചിട്ടില്ല. നികുതി പുനർ നിർണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി - അപാകതകൾ

2019-20 വർഷത്തെ തൊഴിൽനികുതി ഒടുക്കുന്നതിനായി സ്ഥാപനത്തലവൻ സമർപ്പിച്ച അർദ്ധവാർഷിക വരുമാന

പത്രികകൾ, ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ, താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ സ്ഥാപന നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| സ്ഥാപനം | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|
| ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് , കഞ്ഞിക്കുഴി | ഒന്നാം അർദ്ധ വർഷം |
| മാരാരിക്കുളം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | 2 അർദ്ധ വർഷങ്ങൾ |

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9 /27.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല . പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിയ്ക്കേണ്ടതാണ്.

## 1-13 പാട്ടത്തുക - യാതൊരു അടിസ്ഥാനവുമില്ലാതെ നിർണയിച്ച് നല്കി

മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിലെ 8ാം വാർഡിൽ ബ്ലോക്ക് നമ്പർ 31 സർവ്വേ നം. 478 ആയിട്ടുള്ള, എ. എസ് കനാൽ പുറമ്പോക്ക് ഭൂമിയിലെ 20 സെന്റ് വസ്തു പാട്ടത്തിന് നല്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറിയും കേരളാ ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുമായി 1.03.2019 ൽ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം പ്രതിവർഷം 15000/- രൂപ നിരക്കിൽ 15 വർഷത്തേയ്ക്ക് 225000/- രൂപയാണ് ഒടുക്കേണ്ടത്. ടി തുക 2019-20 വർഷം കേരളാ ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഒടുക്കിയിട്ടുണ്ട്.

കേരളാ ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ഒടുക്കേണ്ട പാട്ടത്തുക നിർണയിച്ചത് എപ്രകാരമാണ് എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.15 / 29.03.21 ) മറുപടി ലഭിച്ചില്ല. ഭൂവിലയുടെ അടിസ്ഥാനത്തിൽ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ പാട്ടത്തുക നിശ്ചയിക്കപ്പെടാത്തപക്ഷം ആയത് പുനർനിർണ്ണയിക്കേണ്ടതാണ്.

## 1-14 സ്ഥിരനിക്ഷേപ പലിശയിൽ നിന്നും ആദായ നികുതി ഈടാക്കുന്നു.

ഗ്രാമപഞ്ചായത്ത് ജില്ലാ സഹകരണ ബാങ്കിൽ സൂക്ഷിച്ചിട്ടുള്ള സ്ഥിരനിക്ഷേപങ്ങൾക്ക് തൻവർഷം ലഭിച്ച പലിശയിൽ നിന്നും 25909 രൂപ ആദായ നികുതിയിനത്തിൽ ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1961 ലെ ആദായനികുതി നിയമത്തിലെ സെക്ഷൻ 1020 പ്രകാരം തദ്ദേശസ്ഥാപനങ്ങളുടെ (ലോക്കൽ അതോറിറ്റിസ്) വരുമാനത്തിൽനിന്നും ആദായനികുതി ഈടാക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. മുൻവർഷങ്ങളിലും ഇത്തരത്തിൽ ആദായ നികുതി ഈടാക്കുകയും ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ തിരികെ തരുകയും ചെയ്തിട്ടുണ്ട്. നികുതി വിമുക്തമായ തദ്ദേശസ്ഥാപനങ്ങളുടെ വരുമാനത്തിൽ നിന്നും ആദായ നികുതി ഈടാക്കുന്നത് അവസാനിപ്പിക്കുന്നതിനായി നികുതി ഇളവിന്റെ വിവരങ്ങൾ ബാങ്കിന് കൃത്യമായി നൽകുന്നതിനും കുറവ് ചെയ്യുന്നതിനും തുടർനടപടി സ്വീകരിക്കേണ്ടതാണ്. ആദായ നികുതിയിനത്തിൽ ഉറവിടത്തിൽ കുറവ് ചെയ്ത 25909 രൂപ തിരികെ വാങ്ങി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 കനാലുകളുടെ നവീകരണം – പദ്ധതി നടത്തിപ്പിൽ കാലതാമസം.

ദേശീയ റർബൻ (റൂറൽ-അർബൻ) മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ച കേന്ദ്ര ഫണ്ട് വിനിയോഗിച്ചുകൊണ്ട് മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വിവിധ കനാലുകൾ ആഴംകൂട്ടി നവീകരിക്കുന്നതിന് നടപ്പാക്കിയ പ്രോജക്ടായിരുന്നു കനാലുകളുടെ നവീകരണം (പ്രോ.നം148/20). മൂന്ന് കനാലുകൾ ആഴം കൂട്ടി നവീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം അടങ്കൽ 568,00000 രൂപയാണ്. ഇതിൽ രണ്ട് കനാലുകളുടെ ആഴം കൂട്ടുന്നതിന് താഴെ പറയും പ്രകാരം 24800000 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ ഇറിഗേഷൻ വകുപ്പ് ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്.

| കനാലിന്റെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | ചെക്ക് നം തീയതി | റിമാർക്സ് |
|---|---|---|---|
| കാരിക്കാട് വടക്കേ തോട് കല്ലുകെട്ടി സംരംക്ഷണം | 8800000 | 411564/ 24.12.2019 | പദ്ധതി പൂർത്തിയാക്കിയില്ല |
| വലിയതോട് ചെത്തിപ്പൊഴി ആഴംകൂട്ടി നവീകരിക്കൽ | 16000000 | 411565/ 23.1.2020 | പദ്ധതി പൂർത്തിയാക്കിയില്ല |
| ആകെ | 24800000 | | |

മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ആലപ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിൽ 2019 ഡിസംബർ മാസം 23-ാം തീയതി ഒപ്പുവെച്ച കരാറിൽ (നം 06/2019) മേൽ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്നോ പൂർത്തിയാക്കുമെന്നോ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ടുകൾ എത്രയും വേഗംരെ പൂർത്തിയാക്കി ധനവിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. ആലപ്പുഴ ഇറിഗേഷൻ ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള 2,48,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 ഗ്രീൻ & ക്ലീൻ മാരാരിക്കുളം ഖരമാലിന്യ സംസ്കരണം പദ്ധതി – ജില്ലാപഞ്ചായത്ത് വിഹിതം വിനിയോഗിക്കാതെ തിരിച്ചടച്ചു

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും ജില്ലാതല സാങ്കേതിക സമിതി അംഗീകരിച്ചതുമായ ഗ്രീൻ & ക്ലീൻ മാരാരിക്കുളം – ഖരമാലിന്യ സംസ്കരണം (പ്രോ.നം 124/18) എന്ന സംയുക്ത പ്രോജക്ടിന് ജില്ലാപഞ്ചായത്ത് വിഹിതമായി 8.3.2018ൽ ലഭിച്ച 40 ലക്ഷം രൂപയും പഞ്ചായത്തിന്റെ തനത് ഫണ്ട് 10 ലക്ഷം രൂപയും ഉൾപ്പെടെ 50ലക്ഷം രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയിരുന്നത്. ഖരമാലിന്യ ശേഖരണത്തിനായി പ്ലാസ്റ്റിക് ബിൻ വാങ്ങി സൗജന്യമായി വീടുകളിൽ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരുന്നത്. പദ്ധതി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പ്രോജക്ടായതിനാൽ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചില്ല. ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിക്കുവാൻ സാധിക്കാതിരുന്നതുമൂലം 25.6.2019ൽ ട്രഷറി ചെലാൻ മുഖേന (വൗച്ചർ നം 21900260/ 25.6.2019) വികസന ഫണ്ടിലേയ്ക്ക് തിരിച്ചടച്ചു. പ്രോജക്ട് പാതിവഴിയിൽ ഉപേക്ഷിച്ച് തുക തിരിച്ചടക്കേണ്ടി വന്നത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയാണ് വെളിവാക്കുന്നത്. നടപ്പാക്കുവാൻ കഴിയാത്ത പ്രോജക്ട് ആവിഷ്കരിച്ച് സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തേണ്ട വികസന ഫണ്ട് നിർജ്ജീവമാക്കുന്നത് ഒഴിവാക്കേണ്ടതാണ്. 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ വിഷയം പരാമർശിച്ചിരുന്നുവെങ്കിലും ഇപ്പോഴാണ് തുക തിരികെ ഒടുക്കിയത്.

## 1-17 അധികരിച്ച് നല്കിയ സബ്സിഡി-ചെലവ് നിരാകരിക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥ-എച്ച്.എം, ഗവ.എൽ.പി.എസ്, പൊക്ലാശ്ശേരി

പ്രോജക്റ്റ് നം. - എസ്0096/20, പഞ്ചായത്ത് തല ടീം രൂപീകരണം

അടങ്കൽ തുക – 60,000/- (വികസന ഫണ്ട്)

ചെലവ് തുക – 60,000/- (ബിൽ നം. 01/2019-20 , 08.05.2019 )

തദ്ദേശ ഭരണ സ്ഥാപനതലത്തിലെ യുവജന ക്ലബുകളിൽ നിന്നും വോളിബാൾ, ഫുട്ബാൾ, ക്രിക്കറ്റ്, കബഡി എന്നീ ഗെയിമുകളും കൂടാതെ മറ്റ് ഏതെങ്കിലും പ്രാദേശിക പ്രത്യേകതയുള്ള ഒരു ഗെയിമും ഉൾപ്പെടുത്തി ടീം രൂപീകരിക്കുന്നതിനും തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം സംഘടിപ്പിക്കുന്നതിനും ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും യൂണിഫോമും ക്യാഷ് അവാർഡുകളും ട്രോഫിയും നല്കുന്നതിനും ടീം അംഗങ്ങളുടെ റിഫ്രഷ്മെന്റ്, ട്രെയിനറുടെ പ്രതിഫലം എന്നിവ നല്കുന്നതിനും ഉദ്ദേശിച്ചുള്ള ഗെയിം ഫെസ്റ്റിവലിനായി സബ്സിഡി മാർഗ്ഗരേഖ പ്രകാരം(സ.ഉ(കൈ)22/2018/തസ്വഭവ, 14.02.2018, ഖണ്ഡിക 7.6.2) ഗ്രാമ പഞ്ചായത്തുകൾക്ക് 30,000/- രൂപ വരെ ചെലവഴിക്കാവുന്നതാണ് . എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പഞ്ചായത്ത് തല ടീം രൂപീകരണം എന്ന പ്രോജക്ട് പ്രകാരം ഫുട്ബാൾ പരിശീലനം റിഫ്രഷ്മെന്റ് ചാർജ്ജ് , ഫുട്ബാൾ ക്യാമ്പ് ട്രെയിനിംഗ്, ഫിസിക്കൽ ട്രെയിനിംഗ് എന്നീ മൂന്ന് ഇനങ്ങൾക്കായി 10,000/- രൂപ വീതം ആകെ 30,000/-രൂപ 3 വ്യക്തികളുടെ അക്കൌണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. കൂടാതെ, സ്പോർട്സ് സാധനങ്ങൾ വാങ്ങുന്നതിനായി 30,000/- രൂപയും ഉൾപ്പെടെ ആകെ 60,000/-രൂപ ചെലവഴിക്കപ്പെട്ടു. പദ്ധതി മാർഗരേഖയിൽ നിന്ന് അധികരിച്ച് തുക ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/27.03.2021) മറുപടി ലഭിച്ചിട്ടില്ല. ആകയാൽ, പദ്ധതി മാർഗരേഖ അധികരിച്ച് ചെലവഴിച്ച 30,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവഹണോദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

കൂടാതെ, സെലക്ഷൻ ലഭിച്ച ടീമംഗങ്ങളുടെ വിവരം, 30,000/- രൂപയുടെ സ്പോർട്സ് സാമഗ്രികൾ വാങ്ങി വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല. ആയതിനാൽ, രേഖകളുടെ അഭാവത്തിൽ 30,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം- തുക അധികം നല്കി

ജി.ഒ.(പി) നം.269 / 83 / ജി.എ.ഡി 14.09.1983 പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്ക് തുടക്കക്കാരായ കണ്ടിജന്റ് ജീവനക്കാർക്ക് നല്കുന്ന പ്രതിഫലത്തിന് ആനുപാതികമായി ദിവസ വേതനം ( 8200 / 30 = 273 രൂപ) നല്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ പാർട്ട് ടൈം കണ്ടിജന്റ് തസ്തികയിൽ സ്ഥിരം ജീവനക്കാരെ

നിയമിച്ചിട്ടില്ലാത്തതിനാൽ, ദിവസവേതന വ്യവസ്ഥയിൽ നിയമനം നല്കിയ വ്യക്തിക്ക് (ശ്രീമതി. അശോകാമ്മ) ഉത്തരവിൽ പറഞ്ഞിരിക്കുന്ന തുകയേക്കാളും അധികം തുക നല്കി . വിശദവിവരം താഴെ കൊടുക്കുന്നു.

| വൗച്ചർ നം./ തീയതി | അനുവദിക്കേണ്ട തുക | അനുവദിച്ച തുക | അധികം |
|---|---|---|---|
| 21900132/18.05.19 | 39x273 =10647 | 39x 322.5 =12578 | 1320 |
| 21900264/25.07.19 | 16x273 = 4368 | 16x 322.5 =5160 | 792 |
| 21900427/05.08.19 | 24x273 =6552 | 24x322.5 =7920 | 1368 |
| 21900557/07.09.19 | 18x273 =4914 | 18x330 =5940 | 1026 |
| 21900741/2.11.19 | 16x273 =4368 | 16x330 =5281 | 912 |
| 21900894/06.12.19 | 21x273 =5733 | 21x330=6930 | 1190 |
| 21900999/01.01.20 | 24x273 =6552 | 24x330=7920 | 13268 |
| ആകെ | | | 8587 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 12(1) / 27.03.2020 മറുപടി ലഭിച്ചിട്ടില്ല. അധികം ചെലവഴിച്ച 8587/-രൂപ ബന്ധപ്പെട്ട ജീവനക്കാരനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 മോബൈൽ സെയിൽസ് & സർവ്വീസ് യൂണിറ്റ് – മൂല്യനിർണ്ണയത്തെ അധികരിച്ച് തുക നൽകി

എസ്.സി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് മോബൈൽ സെയിൽസ് & സർവ്വീസ് യൂണിറ്റ് (പ്രോ.നം 114/20). പദ്ധതി പ്രകാരം ഗുണഭോക്താക്കൾ സ്വന്തമായി നിർമ്മിക്കുന്ന പെട്ടിവണ്ടിയുടെ മൂല്യനിർണ്ണം നടത്തുന്നത് എൽ.എസ്.ജി.ഡി എഞ്ചിനീയറാണ്. ഷീല പുതുകുളങ്ങര കോളനി എന്ന ഗുണഭോക്താവ് നിർമ്മിച്ച പെട്ടിവണ്ടിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവ പ്രകാരം ആകെ ചെലവ് 20500 രൂപയാണ്. എന്നാൽ ഇതു പരിഗണിക്കാതെ ടിയാരിയ്ക്ക് 25000 രൂപ (ബിൽ നം 11/2019-20/ 7.2.2020) നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും (എൻക്വയറി നം 03/27.3.2021) രേഖകളൊന്നും ലഭ്യമാക്കിയില്ല. മൂല്യനിർണ്ണയ സാക്ഷ്യപത്ര പ്രകാരമുള്ള ചെലവ് കണക്കിലെടുക്കാതെ 20500 രൂപ നൽകിയത് അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 4500 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-20 തെളിനീർ കുടിവെള്ള പദ്ധതി – അർഹതപ്പെട്ടതിനേക്കാൾ കൂടുതൽ സബ്സിഡി നൽകി

പട്ടികജാതി കുടുംബങ്ങൾ കുടിവെള്ള കണക്ഷന് സബ്സിഡി നൽകുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് തെളിനീർ കുടിവെള്ള പദ്ധതി (പ്രോ.നം 114/20). പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 7500 രൂപ വീതം 6 ഗുണഭോക്താക്കൾക്കായി തനത് ഫണ്ടിൽ നിന്നും 45000 രൂപ (ചെക്ക് നം 2766607/ 23.7.19) ചെലവഴിച്ചിട്ടുണ്ട്. അംഗീകൃത പ്ലംബറുടെ സാക്ഷ്യപത്ര പ്രകാരം ഓരോ ഗുണഭോക്താവിന്റേയും വീട്ടിലേയ്ക്ക് വാട്ടർ കണക്ഷൻ നൽകുന്നതിനായി വാട്ടർ മീറ്റർ, പൈപ്പ് ഫിറ്റിംഗ്സ്, ലേബർ ചാർജ്ജ്, മറ്റ് ചെലവുകൾ ഉൾപ്പെടെ ചെലവാകുന്ന തുക 7500 രൂപയിൽ നിജപ്പെടുത്തിയാണ് സബ്സിഡി നൽകിയിട്ടുള്ളത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, താഴെപറയുന്ന രണ്ട്

ഗുണഭോക്താക്കൾക്ക് ആകെ ചെലവായ തുക 7500 രൂപയേക്കാൾ കുറവായിരുന്നിട്ടും 7500 രൂപ സബ്സിഡിയായി നൽകിയിരിക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അനുവദിച്ച സബ്സിഡി | യഥാർത്ഥ ചെലവ് തുക | അധികം ചെലവഴിച്ച തുക |
|---|---|---|---|
| പങ്കജാക്ഷി, അയ്യനാട്ടുവെളി | 7500 | 6000 | 1500 |
| ചന്ദ്രൻ, വാലയിൽ | 7500 | 6650 | 850 |

അധികം നൽകിയ 2350 രൂപ ചെലവിന് ഉത്തരവാദിയായ അസി.സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 കുറഞ്ഞ ക്വൊട്ടേഷൻ പരിഗണിച്ചില്ല- 1326 രൂപ അധികം ചെലവഴിച്ചു

പ്രോജക്ട്- വിവിധ അങ്കണവാടുകൾക്ക് ഗ്യാസ് കണക്ഷൻ (പ്രോ.നം152 /20)

നിർവ്വഹണോദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ് തുക- 28512 (ചെക്ക് നം. 2509107, തീയതി- 10 . 03 . 2020)

വിവിധ അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷൻ എന്ന പ്രോജക്ട് പ്രകാരം 6 അങ്കണവാടികൾക്ക് ഗ്യാസ് കണക്ഷൻ ലഭ്യമാക്കുന്നതിന് സമർപ്പിച്ച ക്വട്ടേഷനുകളിൽ താഴെപ്പറയും പ്രകാരമാണ് സാധനങ്ങളുടെ വില ക്വാട്ട് ചെയ്തിട്ടുള്ളത്.

| ഇനം | അംഗീകരിച്ച ക്വട്ടേഷൻ (തിരുവോണം ഇൻഡെയ് ൻ സർവീസസ്, മാരാരിക്കുളം വടക്ക്. പി . ഒ | വാതപ്പള്ളി ഭാരത് ഗ്യാസ് , മുഹമ്മ പി . ഒ |
|---|---|---|
| ഡിപ്പോസിറ്റ് തുക | 3050 | 2950 |
| എൽ. പി . ജി | 1412 | 1411 |
| സുരക്ഷ ട്യൂബ് | 190 | 120 |
| ലൈറ്റർ | 100 | 100 |
| ആകെ | 4752 | 4531 |

കുറഞ്ഞ ക്വട്ടേഷൻ പരിഗണിക്കാതെ ഉയർന്ന തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10 / 27.03.2021) നല്കിയ മറുപടി, വാതപ്പള്ളി ഭാരത് ഗ്യാസ് ഡിപ്പോസിറ്റ് തുക , ബുക്ക് എന്നീ ഇനങ്ങളിൽ യഥാക്രമം 3050/- രൂപ, 100/- രൂപ എന്നിങ്ങനെ തുക ക്വാട്ട് ചെയ്തതിനാലാണ് ഇപ്രകാരം ഇൻഡെയ്ൻ സർവീസ് എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയത് എന്നാണ്. എന്നാൽ, ക്വട്ടേഷനിൽ ഡിപ്പോസിറ്റ് തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് 2900/- രൂപയാണ് . വാങ്ങിയ സ്ഥാപനത്തിലെ ബില്ലിൽ ബുക്ക് വില നല്കിയതായി സൂചിപ്പിച്ചിട്ടില്ല. ആയതിനാൽ, ടി മറുപടികൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. കൂടിയ നിരക്കിൽ സാധനങ്ങൾ വാങ്ങിയതു മൂലമുണ്ടായ നഷ്ടത്തുകയായ 1326/-രൂപ (221x6) നിർവഹണോദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. 1326/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-22 സി.സി.ടി.വി ക്യാമറ നാളിതുവരെ ഉപയോഗിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്ത് ഓഫീസിന് നെറ്റ് വർക്കിംഗ് അനുബന്ധ സൗകര്യങ്ങൾ എന്ന പ്രോജക്ട് പ്രകാരം സി.സി.ടി.വി ക്യാമറകൾ, സൗണ്ട് സിസ്റ്റം, ഇന്റർകോം, എ.സി സ്ഥാപിക്കൽ മുതലായവയ്ക്കായി തനത് ഫണ്ടിൽ നിന്നും 543473 (ചെക്ക് നം.031101, 2.12.2019) ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രോജക്ട് പ്രകാരം 8 സി.സി.ടി.വി ക്യാമറകൾ

വാങ്ങിയതിൽ ഏഴെണ്ണം പഞ്ചായത്ത് ഓഫീസിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. എട്ടാമത്തെ ക്യാമറ എവിടെ സ്ഥാപിക്കുന്നതിനാണ് വാങ്ങിയതെന്നും എന്തുകൊണ്ട് നാളിതുവരെ സ്ഥാപിച്ചില്ലായെന്ന ഓഡിറ്റ് അന്വേഷണത്തിന് (നം 18/29.3.2021) പഴയ ഓഫീസ് കെട്ടിടം പൊളിച്ച് മാറ്റി അവിടെ സ്ഥാപിക്കാനായിരുന്നു ഉദ്ദേശിച്ചതെന്നും ഓഫീസ് കെട്ടിടം പൊളിക്കേണ്ടായെന്ന് പുതിയ ഭരണ സമിതി തീരുമാനിച്ചതിനാലാണ് ക്യാമറ ഉപയോഗിക്കുവാൻ കഴിയാതിരുന്നതെന്നും വാർഡിലെ ഷെൽട്ടർ ഹോമിന് സമീപം സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. ക്യാമറ വാങ്ങിയിട്ട് ഒരു വർഷത്തിലേറെയായതിനാൽ എത്രയുംവേഗം ഉപയോഗപ്രദമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ക്യാമറയ്ക്കായി ചെലവഴിച്ച 4578രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 കെ.എസ്.ഇ.ബി മുഖേനയുള്ള നിക്ഷേപ പ്രവൃത്തികൾ – വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

1) ദേശീയ റർബൻ മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ച കേന്ദ്ര ഫണ്ട് വിനിയോഗിച്ചുകൊണ്ട് അർത്തുങ്കൽ, എസ്.എൽ പുരം ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിൽ വരുന്ന വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിക്കുന്നതിനായി കെ.എസ്.ഇ.ബി-യിൽ 1,36,69,000 രൂപ (ചെക്ക് നം 411562/ 6.12.2019) നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ടിന്റെ വിശദാംശം | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|
| 1 | എസ്.എൽ പുരം ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിൽ വരുന്ന വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ. | 73,19,910 |
| 2 | അർത്തുങ്കൽ ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിൽ വരുന്ന വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 63,49,090 |
| | ആകെ തുക | 1,36,69,000 |

മേൽ പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്തും വാട്ടർ അതോറിറ്റിയും തമ്മിൽ കരാർ ഉണ്ടാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്നോ പൂർത്തിയാക്കുമെന്നോ വ്യക്തമല്ല. പദ്ധതി എത്രയും വേഗം പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. 1,36,69,000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) വൈദ്യുതി ലൈൻ ദീർഘിക്കൽ, ലൈൻ ചാർജിംഗ്, മീറ്റർ സ്ഥാപിക്കൽ (പ്രോ.നം 05/20) എന്നീ പ്രവൃത്തികൾക്കായി അർത്തുങ്കൽ ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള 2,9വാർഡുകൾക്കായി 2,16.906 രൂപയും എസ്.എൽ പുരം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള 9,10 വാർഡുകൾക്കായി 3,51,451 രൂപയും നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും 5,68,807 രൂപ പിൻവലിച്ച് കെ.എസ്.ഇ.ബി-യിൽ നിക്ഷേപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബിയും തമ്മിൽ ഉണ്ടാക്കിയ കരാറിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. മേൽ പ്രോജക്ടുകൾ പ്രകാരമുള്ള പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പദ്ധതി എത്രയും വേഗം പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. 5,68,807 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ചെലവ് വിവരം--

ബിൽ നം 13/2019-20/ 30.10.2019 – 3,51,451രൂപ

ബിൽ നം 14/2019-20/ 30.10.2019 – 1,83,726രൂപ

ബിൽ നം 16/2019-20/ 22.11.2019 – 33,630 രൂപ

## 1-24 ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം -പ്രവർത്തന സജ്ജമാക്കിയില്ല

പ്രോജക്ട് നം-93/20 (സ്പിൽ ഓവർ)

നിർവ്വഹണം-അസി.എഞ്ചിനിയർ

കരാറുകാരൻ-ശക്തി പ്രസാദ്

കരാർ നം-AE//LSGD/MNGP/18-19 തിയതി- 11/2/19

ചെലവുവിവരം-414892/-(ബിൽ നം.-2/19-20 തിയതി-30/4/19)

623158/- (ബിൽ നം.-6/19-20 തിയതി-14/10/19)
56982/- (ചെക്ക് നം-2766647/11/10/19)

പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ (പെരുന്നേർമംഗലം എൽ.പി.എസ്,പൊക്ലാശ്ശേരി എൽ.പി.എസ്,മാരാരിക്കുളം എൽ.പി.എസ്,പെരുന്നേർ മംഗലം യു.പി.എസ്) ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിനായി തൻവർഷം 1095032രൂ ചെലവഴിച്ചിട്ടുണ്ട്.ഏറോബിക് കമ്പോസ്റ്റ് യൂണിറ്റിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും തുടർ നടപടി സ്വീകരിച്ച് ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കിതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

പദ്ധതി പ്രകാരം നിർമ്മിച്ച ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.ഏതെങ്കിലും സ്ഥാപനം പരിശീലനം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം,വൈദ്യുതി,വാട്ടർ കണക്ഷൻ എന്നിവ ലഭിച്ചതിന്റെ വിവരം,കരാറടിസ്ഥാനത്തിൽ ആളെ നിയമിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം,നിലവിലെ പ്രവർത്തനം എന്നിവ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/29.3.21) മറുപടി ലഭ്യമാക്കിയില്ല.ഏറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച്

പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും കുറവ് ചെയ്തു 13,97,445 രൂപ വാട്ടർ അതോറിറ്റിയ്ക്ക് ലഭിച്ചിട്ടുണ്ടെന്നും ഒറ്റത്തവണ തീർപ്പാക്കലിലൂടെ (ഒ.ടി.എസ്) ഇനി 138,705 രൂപയാണ് ലഭിക്കാനുള്ളതെന്നും ആയത് ലഭിക്കുന്നമുറയ്ക്ക് ലഡ്ജറിൽ നിലനിൽക്കുന്ന കുടിശ്ശിക ഒഴിവാക്കി നൽകുന്നതാണെന്ന് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ഗ്രാമപഞ്ചായത്തിനെ അറിയിക്കുകയുണ്ടായി. ഇതേതുടർന്ന് തൻവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ വാട്ടർ അതോറിറ്റിയ്ക്ക് കുടിവെള്ളക്കര കുടിശ്ശിക (പ്രോ.നം 92/20) എന്ന പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 134834രൂപ ഒടുക്കുകയും ചെയ്തു. കൂടാതെ ടി സാമ്പത്തിക വർഷം വെള്ളക്കര കുടിശ്ശികയിനത്തിൽ വികസന ഫണ്ടിൽ നിന്നും 228574 രൂപയും ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും 250290 രൂപയും ഉറവിടത്തിൽ കുറവ് വരുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഗ്രാന്റിൽ നിന്നും നേരിട്ടും പ്രോജക്ട് പ്രകാരവും കുടിശ്ശിക ഒടുക്കിയിട്ടുണ്ടെങ്കിലും വെള്ളക്കര കുടിശ്ശികയിൽ വാട്ടർ അതോറിറ്റി യാതൊരുവിധ മാറ്റവും വരുത്തിയിട്ടില്ല. 2020 മാർച്ച് മാസത്തെ ബിൽ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കര കുടിശ്ശിക 77,12,495രൂപയാണ്. അടിയന്തരമായി ഡിമാന്റ് പരിഷ്കരിച്ച് കുടിശ്ശിക ഒഴിവാക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ നിന്നും 338 ടാപ്പുകൾക്കായി 147,875 രൂപയാണ് വാട്ടർ അതോറിറ്റി പ്രതിമാസം ഈടാക്കുന്നത്. ജലജീവൻ പദ്ധതി പ്രകാരം എല്ലാ വീടുകൾക്കും സൗജന്യമായി കുടിവെള്ള കണക്ഷൻ നൽകുന്നതിനാൽ ടാപ്പുകളുടെ എണ്ണം നിയന്ത്രിക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതാണ്.

## 1-26 അസി.എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിലെ പോരായ്മകൾ

1. 2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 47 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 19 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 60ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 47 | ആകെ അടങ്കൽ | 43843174 |
| നടപ്പിലാക്കിയത് | 19 | ചെലവ് | 14225257 |
| ശതമാനം | 40 | ചെലവ് ശതമാനം | 32 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 9 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ ഒരു പ്രൊജക്ട് ഒഴികെ ബാക്കിയെല്ലാം തൻവർഷം തന്നെ പൂർത്തീകരിച്ചു.

2. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

3. നിർവ്വഹണോദ്യോഗസ്ഥ പ്രൊജക്റ്റ് പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.

പ്രൊജക്റ്റിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല.

4. റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നു.
റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്റ്റ് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

5. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.

6.എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികൾ കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തുന്നില്ല. ടെണ്ടറുകളിൽ കരാറുകാർ ക്വാട്ട് ചെയ്യുന്ന നിരക്ക് അക്ഷരത്തിൽ രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റിലും പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

7.വിശദമായ സൈറ്റ് പരിശോധന കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. തത്ഫലമായി ഭൂരിഭാഗം പ്രവൃത്തികളിലും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വരുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

അംഗനവാടി 12 ൽ ഗ്രാമകേന്ദ്ര നിർമ്മാണം-പ്രോജക്റ്റ് നം.94/20

ആയുർവ്വേദ ആശുപത്രി മെയിന്റനൻസ്- പ്രോജക്റ്റ് നം.107/20

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ നിർമ്മാണം-പ്രോജക്റ്റ് നം.108/20

മേൽ ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(12/29.3.21) മറുപടി ലഭ്യമാക്കിയില്ല. മേൽ ന്യൂനതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 അധികരിച്ച് നല്കിയ സബ്സിഡി-ചെലവ് നിരാകരിക്കുന്നു

.നിർവ്വഹണോദ്യോഗസ്ഥ-എച്ച്.എം, ഗവ.എൽ.പി.എസ്, പൊക്ലാശ്ശേരി

പ്രോജക്റ്റ് നം. - എസ്0096/20, പഞ്ചായത്ത് തല ടീം രൂപീകരണം

അടങ്കൽ തുക – 60,000/- (വികസന ഫണ്ട്)

ചെലവ് തുക – 60,000/- (ബിൽ നം. 01/2019-20 , 08.05.2019 )

തദ്ദേശ ഭരണ സ്ഥാപനതലത്തിലെ യുവജന ക്ലബുകളിൽ നിന്നും വോളിബാൾ, ഫുട്ബാൾ, ക്രിക്കറ്റ്, കബടി എന്നീ ഗെയിമുകളും കൂടാതെ മറ്റ് ഏതെങ്കിലും പ്രാദേശിക പ്രത്യേകതയുള്ള ഒരു ഗെയിമും ഉൾപ്പെടുത്തി ടീം രൂപീകരിക്കുന്നതിനും തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം സംഘടിപ്പിക്കുന്നതിനും ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും യൂണിഫോമും ക്യാഷ് അവാർഡുകളും ട്രോഫിയും നല്കുന്നതിനും ടീം അംഗങ്ങളുടെ റിഫ്രഷ്മെന്റ്, ട്രെയിനറുടെ പ്രതിഫലം എന്നിവ നല്കുന്നതിനും ഉദ്ദേശിച്ചുള്ള ഗെയിം ഫെസ്റ്റിവലിനായി സബ്സിഡി മാർഗ്ഗരേഖ പ്രകാരം(സ.ഉ(കൈ)22/2018/ തസ്വഭവ, 14.02.2018, ഖണ്ഡിക 7.6.2) ഗ്രാമ പഞ്ചായത്തുകൾക്ക് 30,000/- രൂപ വരെ ചെലവഴിക്കാവുന്നതാണ് . എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പഞ്ചായത്ത് തല ടീം രൂപീകരണം എന്ന പ്രോജക്റ്റ് പ്രകാരം ഫുട്ബാൾ പരിശീലനം റിഫ്രഷ്മെന്റ് ചാർജ്ജ് , ഫുട്ബാൾ ക്യാമ്പ് ട്രെയിനിംഗ്, ഫിസിക്കൽ ട്രെയിനിംഗ് എന്നീ മൂന്ന് ഇനങ്ങൾക്കായി 10,000/-

രൂപ വീതം ആകെ 30,000/-രൂപ 3 വ്യക്തികളുടെ അക്കൗണ്ടിലേയ്ക്ക് നല്കിയിട്ടുണ്ട്. കൂടാതെ, സ്പോർട്സ് സാധനങ്ങൾ വാങ്ങുന്നതിനായി 30,000/- രൂപയും ഉൾപ്പെടെ ആകെ 60,000/-രൂപ ചെലവഴിക്കപ്പെട്ടു. പദ്ധതി മാർഗരേഖയിൽ നിന്ന് അധികരിച്ച് തുക ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/27.03.2021) മറുപടി ലഭിച്ചിട്ടില്ല. ആകയാൽ, പദ്ധതി മാർഗരേഖ അധികരിച്ച് ചെലവഴിച്ച 30,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവഹണോദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 മൊബൈൽ സെയിൽസ് & സർവ്വീസ് യൂണിറ്റ് – മൂല്യനിർണ്ണയത്തെ അധികരിച്ച് തുക നൽകി

എസ്.സി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് മൊബൈൽ സെയിൽസ് & സർവ്വീസ് യൂണിറ്റ് (പ്രോ.നം 114/20). പദ്ധതി പ്രകാരം ഗുണഭോക്താക്കൾ സ്വന്തമായി നിർമ്മിക്കുന്ന പെട്ടിക്കട/ പെട്ടിവണ്ടിയുടെ മൂല്യനിർണ്ണം നടത്തുന്നത് എൽ.എസ്.ജി.ഡി എഞ്ചിനീയറാണ്. ഷീല പുതുകുളങ്ങര കോളനി എന്ന ഗുണഭോക്താവ് നിർമ്മിച്ച പെട്ടിവണ്ടിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ്, മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവ പ്രകാരം ആകെ ചെലവ് 20500 രൂപയാണ്. എന്നാൽ ഇതു പരിഗണിക്കാതെ ടിയാരിയ്ക്ക് 25000 രൂപ (ബിൽ നം 11/2019-20/ 7.2.2020) നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും രേഖകളൊന്നും ലഭ്യമാക്കിയില്ല. മൂല്യനിർണ്ണയ സാക്ഷ്യപത്ര പ്രകാരമുള്ള ചെലവ് കണക്കിലെടുക്കാതെ പ്രോജക്ട് പ്രകാരമുള്ള മുഴുവൻ തുകയും നൽകിയത് അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 4500 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 തെളിനീർ കുടിവെള്ള പദ്ധതി – അർഹതപ്പെട്ടതിനേക്കാൾ കൂടുതൽ സബ്സിഡി നൽകി

പട്ടികജാതി കുടുംബങ്ങൾ കുടിവെള്ള കണക്ഷന് സബ്സിഡി നൽകുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണ് തെളിനീർ കുടിവെള്ള പദ്ധതി (പ്രോ.നം 114/20). പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 7500 രൂപ വീതം 6 ഗുണഭോക്താക്കൾക്കായി തനത് ഫണ്ടിൽ നിന്നും 45000 രൂപ (ചെക്ക് നം 2766607 തീയതി 23.7.2019) ചെലവഴിച്ചിട്ടുണ്ട്. അംഗീകൃത പ്ലംബറുടെ സാക്ഷ്യപത്ര പ്രകാരം ഓരോ ഗുണഭോക്താവിന്റേയും വീട്ടിലേയ്ക്കക്ക് വാട്ടർ കണക്ഷൻ നൽകുന്നതിനായി വാട്ടർ മീറ്റർ, പൈപ്പ് ഫിറ്റിംഗ്സ്, ലേബർ ചാർജ്ജ്, മറ്റ് ചെലവുകൾ ഉൾപ്പെടെ ചെലവാകുന്ന തുക 7500രൂപയിൽ നിജപ്പെടുത്തിയാണ് സബ്സിഡി നൽകിയിട്ടുള്ളത്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, താഴെപറയുന്ന രണ്ട് ഗുണഭോക്താക്കൾക്ക് ആകെ ചെലവായ തുക 7500 രൂപയേക്കാൾ കുറവായിരുന്നിട്ടും 7500 രൂപ സബ്സിഡിയായി നൽകിയിരിക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അനുവദിച്ച സബ്സിഡി | യഥാർത്ഥ ചെലവ് തുക | അധികം ചെലവഴിച്ച തുക |
|---|---|---|---|
| പങ്കജാക്ഷി, അയ്യനാട്ടുവെളി | 7500 | 6000 | 1500 |
| ചന്ദ്രൻ, വാലയിൽ | 7500 | 6650 | 850 |

അധികം നൽകിയ 2350 രൂപ ചെലവിന് ഉത്തരവാദിയായ അസി.സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 459250 | സ്കോളർഷിപ്പ് | 459250 | 0 |
| | 2019 | 1200000 | ലൈഫ് ജനറൽ | 1200000 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | 2019-20 | | ലൈഫ്-എസ്.സി | | |
| | 2019-20 | 300000 | എസ്.സി പഠനമുറി | 300000 | 0 |
| | 2019 | 100000 | അനുപൂരക പോഷകാഹാരം | 76605 | 23395 |
| ആകെ | | 2059250 | | 2035855 | 23395 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 400000 | എസ്.സി പഠനമുറി | 100000 | 300000 |
| | 2019-20 | 1988580 | ലൈഫ് | 1988580 | 0 |
| | 2019-20 | 500000 | പാലിന് സബ്സിഡി | 500000 | 0 |
| | 2019-20 | 50000 | വൃദ്ധർക്ക് കട്ടിൽ | 50000 | 0 |
| | 2019-20 | 459250 | സ്കോളർഷിപ്പ് | 459250 | |
| | 2019 | 316166 | കൂലിച്ചെലവ് സബ്സിഡി | 316166 | |
| ആകെ | | 3713996 | | 3413996 | 300000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനർട്ട് | വിവിധ ഗവ ഓഫീസുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ | 411563/ 09.12.2019 | 2910600 | 2910600 | 0 |
| ജലസേചന വകുപ്പ് | വിവിധ കനാലുകളുടെ നവീകരണം | | 24800000 | 0 | 24800000 |
| വൈദ്യുതി ബോർഡ് | വൈദ്യുതി ലൈൻ വ്യാപനം | | 568807 | 0 | 568807 |
| വൈദ്യുതി ബോർഡ് | വൈദ്യുതി ലൈൻ വ്യാപനം | | 13669000 | 0 | 13669000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 16880000/-രൂപ ലഭിക്കുകയും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | | 48454707 | 48454707 | 3250000 | 0 | 45204707 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 26561552 |
| തൻവർഷം നിക്ഷേപിച്ച തുക | 5000000 |
| ആകെ | 31561552 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 31561552 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | ബാങ്കിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | അക്കൗണ്ട് നം. |
|---|---|---|---|---|---|
| 1 | DCB | 05.03.2019 | 158 ദിവസം | 12666 | 2954 |
| 2 | DCB | 09.05.2019 | 12 മാസം | 363226 | 6393 |
| 3 | DCB | 08.12.2018 | 180 ദിവസം | 5967103 | 3041 |
| 4 | DCB | 31.12.2018 | 181 ദിവസം | 5538944 | 3110 |
| 5 | DCB | 31.12.2018 | 180 ദിവസം | 5538944 | 3109 |
| 6 | DCB | 08.12.2018 | 180 ദിവസം | 5967103 | 3042 |
| 7 | DCB | 10.01.2019 | 180 ദിവസം | 1585572 | 5321 |
| 8 | DCB | 04.01.2019 | 180 ദിവസം | 1587994 | 5320 |

| | | | | | |
|---|---|---|---|---|---|
| 9 | DCB | 04.07.2020 | 180 ദിവസം | 5000000 | 1034 |
| ആകെ | | | | 31561552 | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 4480 രൂപയുടെ വരവുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. തീയതി |
|---|---|---|---|---|
| 2014-15 | 2(4) | 4200 | എം.ഡി.രാജപ്പ കുറുപ്പ് | 1190103271/ 23.1.2020 |
| 2016-17 | 2(1) | 240 | സജ്ന | 11920100841/ 20.7.2019 |
| | 2(1) | 240 | ബൈജു, മണ്ണാട്ട് വെളി | 119020101075/ 20.7.2019 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 155910030 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 163745064 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 46763 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 39072385 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 30000 | സ്വർണ്ണമ്മ, എച്ച്.എം |
| 3-2 | | 4500 | ജി.വിനോദ്കുമാർ, അസി.സെക്രട്ടറി |
| 3-3 | | 2350 | ജി.വിനോദ്കുമാർ, അസി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | |
|---|---|---|
| | | ഉദ്യോഗപ്പേരും |
| 1-15 | 24800000 | ഇ.ക്ലീറ്റസ്, സെക്രട്ടറി |
| 1-17 | 30000 | സ്വർണ്ണമ്മ, എച്ച്.എം |
| 1-22 | 4578 | ഇ.ക്ലീറ്റസ്, സെക്രട്ടറി |
| 1-23(1) | 13669000 | ഇ.ക്ലീറ്റസ്, സെക്രട്ടറി |
| 1-23(2) | 568807 | ഇ.ക്ലീറ്റസ്, സെക്രട്ടറി |
| | 39072385 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷിബു.കെ.എം, സെക്രട്ടറി | സീനി.സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത് ആലപ്പുഴ | ഷാ നിവാസ്, നോർത്ത് ആര്യാട് പി.ഒ, ആലപ്പുഴ |
| ഇ.ക്ലീറ്റസ്, സെക്രട്ടറി | സെക്രട്ടറി, കാവാലം ഗ്രാമപഞ്ചായത്ത് | ചിറ്റേത്ത്, കോളേജ് ജം., കലവൂർ, ആലപ്പുഴ |
| ജി.വി.വിനോദ് കുമാർ, അസി.സെക്രട്ടറി | ജെ.എസ്, ഡി.ഡി.പി ഓഫീസ്, ആലപ്പുഴ | ഗോകുലം, അവലൂക്കുന്ന് പി.ഒ, ആലപ്പുഴ |
| സന്ധ്യ.എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ | തുടരുന്നു | ചെല്ലം, പുന്നപ്ര പി.ഒ, ആലപ്പുഴ |
| സ്വർണ്ണമ്മ, എച്ച്.എം | എച്ച്.എം., എൽ.പി.എസ് പൊക്ലാശ്ശേരി | കളരിക്കൽ, എസ്.എൻ പുരം, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 | |
| 2002-03 | |
| 2003-04 | എൽ.എഫ്.എ5-1832/11/20-01-12 – ഓഡിറ്റ് അദാലത്ത് 2011-12 |
| 2004-05 | |
| 2005-06 | |
| 2006-07 | എൽ.എഫ്.ജി.എ-5/1577/13/7-6-2014 - ഓഡിറ്റ് അദാലത്ത് 2013-14 |
| 2007-08 | |
| | |

| | |
|---|---|
| 2008-09 | |
| 2009-10 | |
| 2010-11&2011-12 | എൽ.എഫ്.എ.പി8-251/13/14.05.13/26.06.2013 |
| 2012-13 | എൽ.എഫ്.എ.പി8-480/14/25.06.14/10.11.2014 |
| 2013-14 | എൽ.എഫ്.എ.പി8-559/15/17.07.15/04.08.2015 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി8-633/16, തീയതി. 16.06.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി8/1528/16 തീയതി.03.01.2017 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി8/860/17 തീയതി.10.07.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി8/317/19 തീയതി.04.05.2019 |
| 2018-19 | കെ.എസ്.എ/എ.എൽ.പി/പി8/148/2020<br>തീയതി -13.02.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്